## മലയാളം സർവകലാശാലയിലെ സംവരണസ്ഥിതി

2013ലാണ് സർവകലാശാല ആരംഭിച്ചത്. അതേ വർഷം തന്നെയാണ് GO(Rt) 147/2013 H.Edn dated 11.06.2013 ഉത്തരവ് പ്രകാരം Extract of Chapter III Teachers of the University എന്ന ശീർഷകത്തിലുള്ള First Statute സർക്കാർ അംഗീകരിച്ചത്. അധ്യാപകനിയമനത്തിൽ പാലിക്കേണ്ട മാനദണ്ഡങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചത്. സംവരണസംബന്ധമായി താഴെ പറയുന്ന പരാമർശമാണ് ഇതിലുള്ളത്.

സംവരണത്തിന് മൂന്ന് യൂണിറ്റ് ഉണ്ടാകും. അവ താഴെ പറയും വിധമാകും.

(എ) എല്ലാ വകുപ്പുകളിലെയും **അസിസ്റ്റന്റ് പ്രൊഫസർ** തസ്തികകൾ മൊത്തമായി ഒരു യൂണിറ്റ്

(ബി) എല്ലാ വകുപ്പുകളിലെയും **അസോസിയേറ്റ് പ്രൊഫസർ** തസ്തികകൾ മൊത്തമായി ഒരു യൂണിറ്റ്

(സി) എല്ലാ വകുപ്പുകളിലെയും **പ്രൊഫസർ** തസ്തികകൾ മൊത്തമായി ഒരു യൂണിറ്റ്

ആക്ടിലെയും തസ്തികകൾ അനുവദിച്ച സർക്കാർ ഉത്തരവുകളിലെയും വകുപ്പുകളുടെ ക്രമം തന്നെയാണ് തസ്തികകളുടെ ക്രമസംഖ്യ നിശ്ചയിക്കുന്നതിനും സ്വീകരിച്ചത്. ഈ ക്രമം പിന്നീട് സർവകലാശാല തന്നെ ഒരു ആഭ്യന്തര ഉത്തരവിലൂടെ സ്പഷ്ടീകരിക്കുകയും ചെയ്തിരുന്നു. (appendix 1)

### ഒന്നാം വിജ്ഞാപനവും നിയമനവും (2013)

ഇങ്ങനെ കൃത്യമായി ക്രമം നിശ്ചയിച്ച് സംസ്ഥാന സർക്കാറിന്റെ സംവരണ റൂസ്റ്റർ കൃത്യമായി പാലിച്ചാണ് 2013 ലെ ആദ്യനിയമനം നടന്നത്. ഇക്കാര്യം 2013 ലെ റാങ്ക് ലിസ്റ്റിൽ നിന്നും അതോടൊപ്പം പ്രസിദ്ധീകരിച്ച സംവരണക്രമത്തിൽ നിന്നും വ്യക്തമാണ്. (appendix 2) അന്ന് മെറിറ്റ് കൂടുതലുള്ള അർഹരെ തഴഞ്ഞെന്ന ആരോപണമുണ്ടായിരുന്നെങ്കിലും സംവരണക്കാര്യത്തിൽ ആരും തർക്കം ഉന്നയിച്ചിരുന്നില്ല. ഉണ്ടായ ഓരേയൊരു തർക്കം താഴെ പറയുന്നതാണ്.

**തർക്കം:** *സാഹിത്യഫാക്കൽറ്റിയിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള റാങ്ക് പട്ടികയിൽ ഒന്നാം റാങ്കുകാരി ഡോ. ജി. ഉഷാകുമാരിയായിരുന്നു. പ്രസ്തുത തസ്തികയുടെ ക്രമസംഖ്യ 2 **(രണ്ട്)** ആയതുകൊണ്ട് സംവരണചക്രനിയമപ്രകാരം*

*അത് ഈഴവ/തിയ്യ/ബില്ലവ സമുദായക്കാർക്കുള്ളതായിരുന്നു. അപേക്ഷയിലെ വിവരങ്ങൾക്കനുസരിച്ച് ഡോ. ജി. ഉഷാകുമാരിക്ക് നിയമനോത്തരവ് തയ്യാറാക്കിയെങ്കിലും സർട്ടിഫിക്കറ്റുകളുടെ സൂക്ഷ്മപരിശോധനാവേളയിൽ ഡോ. ജി. ഉഷാകുമാരി വിശ്വകർമസമുദായക്കാരിയാണെന്ന് കണ്ടു. അവരെ ജോലിക്ക് ചേരാനനുവദിക്കാതെ തിരിച്ചയച്ചു. ഒന്നാം റാങ്കുകാരിയായിട്ടും തനിക്ക് നിയമനം ലഭിച്ചില്ലെന്ന് കാണിച്ച് ഉഷാകുമാരി റിട്ട് ഫയൽ ചെയ്ത് ആ തസ്തികയിലേക്കുള്ള നിയമനത്തിന് സ്റ്റേ വാങ്ങിച്ചു. ഈ കേസ് ഇപ്പോഴും കോടതി പരിഗണനയിലാണ്.* (WP (C) 2354/2014Filing Date: 22-01-2014)

**ഈ നിയമനത്തിലെ സംവരണക്രമം**

**വിജ്ഞാപനം ചെയ്ത തസ്തികകളുടെ എണ്ണം**

**അസിസ്റ്റന്റ് പ്രൊഫസർ = 15, അസോസിയേറ്റ് പ്രൊഫസർ = 4, പ്രൊഫസർ = 3**

**പട്ടിക–1**

| **സംവരണ ക്രമ നം.** | **വകുപ്പ്** | **നിയമനം നേടിയ ആൾ** | **സംവരണവിവരം** | **റിമാർക്സ്** |
|---|---|---|---|---|
| **I. അസിസ്റ്റന്റ് പ്രൊഫസർ** | | | | |
| 1 | ഭാഷാശാസ്ത്രം | സ്മിത.കെ.നായർ | ഓപ്പൺ | – |
| 2 | ഭാഷാശാസ്ത്രം | രശ്മി | ഇ.ടി.ബി | ഒരു വർഷം തികയും മുമ്പ് രാജി വെച്ചു. |
| 3. | ഭാഷാശാസ്ത്രം | സന്തോഷ് | ഓപ്പൺ | – |
| 4. | സാഹിത്യപഠനം | രോഷ്നി സ്വപ്ന | പട്ടികജാതി | – |
| 5 | സാഹിത്യപഠനം | രാധാകൃഷ്ണൻ | ഓപ്പൺ | 2017ഏപ്രിലിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം |

| | | | | |
|---|---|---|---|---|
| | | | | നേടി |
| 6. | സാഹിത്യപഠനം | മുഹമ്മദ് റാഫി | മുസ്ലീം | – |
| 7 | സാഹിത്യരചന | അൻവർ അബ്ദുള്ള | ഓപ്പൺ | – |
| 8. | സാഹിത്യരചന | അശോക് ഡിക്രൂസ് | എൽ.സി | – |
| 9 | സാഹിത്യരചന | ഗണേഷ്. സി | ഓപ്പൺ | – |
| 10. | സംസ്കാരപൈതൃകം | സതീഷ് പി | ഒ.ബി.സി | – |
| 11 | സംസ്കാരപൈതൃകം | സജിന. ജി | ഓപ്പൺ | – |
| 12 | സംസ്കാരപൈതൃകം | ശശി | പട്ടികജാതി | – |
| 13 | മാധ്യമപഠനം | രാജീവ് | ഓപ്പൺ | – |
| 14 | മാധ്യമപഠനം | ലാൽമോഹൻ | ഇ.ടി.ബി | 2016 ൽ കേരളസർവകലാശാലയിൽ നിയമനം നേടി പോയി. |
| 15 | മാധ്യമപഠനം | രാഗിണി | ഓപ്പൺ | – |
| 16. | ഭാഷാശാസ്ത്രം | സെയ്തലവി | മുസ്ലീം | റാങ്ക് ലിസ്റ്റ് കാലാവധി തീരും മുമ്പ് രശ്മി രാജി വെച്ച ഒഴിവ്. 16 ആം ടേൺ. മുസ്ലീം ക്വാട്ട. സെയ്തലവി പിന്നീട് 2017 മെയിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം |

| | | | | |
|---|---|---|---|---|
| | | | | നേടി |
| II. അസോസിയേറ്റ് പ്രൊഫസർ | | | | |
| 1 | ഭാഷാശാസ്ത്രം | അപേക്ഷകരില്ല | ഓപ്പൺ | 2014ൽ വീണ്ടും വിജ്ഞാപനം ചെയ്തു |
| 2. | സാഹിത്യം | അരെയും നിയമിച്ചില്ല | ഇ.ടി.ബി | തർക്കം കോടതിയിൽ |
| 3. | സംസ്കാരപൈതൃകം | ഡോ. ഭരതൻ | ഓപ്പൺ | 2014ൽ പ്രൊഫസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നേടി |
| 4 | മാധ്യമപഠനം | അപേക്ഷകരില്ല | എസ്.സി | – |
| 111. പ്രൊഫസർ | | | | |
| 1 | ഭാഷാശാസ്ത്രം | ഡോ. ശ്രീനാഥൻ | ഓപ്പൺ | – |
| 2. | സാഹിത്യം | അരെയും നിയമിച്ചില്ല | ഇ.ടി.ബി | 2014ൽ വീണ്ടും വിജ്ഞാപനം ചെയ്തു |
| 3. | സംസ്കാരപൈതൃകം | അരെയും നിയമിച്ചില്ല | ഓപ്പൺ | – |

**രണ്ടാം വിജ്ഞാപനവും നിയമനവും (2014)**

2013 ലെ നിയമനപ്രക്രിയയിൽ യോഗ്യരായ അപേക്ഷകരില്ലാതിരുന്നതിനാൽ ഒഴിഞ്ഞുകിടന്ന തസ്തികകളിലേക്ക് (തർക്കത്തിലുള്ള *സാഹിത്യഫാക്കൽറ്റിയിൽ അസോസിയേറ്റ് പ്രൊഫസർ തസ്തികയൊഴികെ)* വീണ്ടും വിജ്ഞാപനം പുറപ്പെടുവിച്ചു. നേരത്തെ ക്രമസംഖ്യപ്രകാരം സംവരണചക്രമനുസരിച്ച് നിശ്ചയിച്ച സാമുദായിക സംവരണവിവരങ്ങൾ ചേർത്തുതന്നെയാണ് വിജ്ഞാപനം ഇറക്കിയത്. അവ താഴെ പറയുന്നവയായിരുന്നു.

*അസോസിയേറ്റ് പ്രൊഫസർ (ഭാഷാശാസ്ത്രം) – **ഓപ്പൺ,** പ്രൊഫസർ (സാഹിത്യം) – **ഈഴവ,** പ്രൊഫസർ (സംസ്കാരപൈതൃകം) – **ഓപ്പൺ,** അസോസിയേറ്റ് പ്രൊഫസർ (മാധ്യമപഠനം) – **എസ്.സി***

*മേൽ തസ്തികയിൽ* ***പ്രൊഫസർ (സംസ്കാരപൈതൃകം) – ഓപ്പൺ*** എന്ന തസ്തികയിലേക്ക് മാത്രം നിയമനം നടന്നു. ഡോ. കെ. എം. ഭരതനാണ് നിയമനം നേടിയത്. മറ്റുള്ളവയിൽ യോഗ്യരായ അപേക്ഷകർ ഉണ്ടായിരുന്നില്ല.

**പട്ടിക–2**

| **സംവരണ ക്രമ നം.** | **വകുപ്പ്** | **നിയമനം നേടിയ ആൾ** | **സംവരണവിവരം** | **റിമാർക്ക്സ്** |
|---|---|---|---|---|
| **I പ്രൊഫസർ** | | | | |
| 2. | സാഹിത്യം | അരെയും നിയമിച്ചില്ല | ഇ.ടി.ബി | 2015ൽ വീണ്ടും വിജ്ഞാപനം ചെയ്തു |
| 3. | സംസ്കാരപൈതൃകം | ഡോ. കെ. എം. ഭരതൻ | ഓപ്പൺ | ഇതേ വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്ന് വിടുതൽ നൽകി ചേർന്നു. അവിടെ അസോസിയേറ്റ് പ്രൊഫസർ ഒഴിവുണ്ടായി |
| **II അസോസിയേറ്റ് പ്രൊഫസർ** | | | | |
| 1 | ഭാഷാശാസ്ത്രം | അപേക്ഷകരില്ല | ഓപ്പൺ | 2014ൽ വീണ്ടും വിജ്ഞാപനം ചെയ്തു |
| 2. | സാഹിത്യം | വിജ്ഞാപനം ചെയ്തില്ല | ഇ.ടി.ബി | തർക്കം കോടതിയിൽ |
| 4 | മാധ്യമപഠനം | അപേക്ഷകരില്ല | എസ്.സി | – |

## മൂന്നാം വിജ്ഞാപനവും നിയമനവും (2015)

2014ലെ വിജ്ഞാപനത്തിനു ശേഷവും ഒഴിഞ്ഞുതന്നെ കിടന്ന *അസോസിയേറ്റ് പ്രൊഫസർ (ഭാഷാശാസ്ത്രം)* – ***ഓപ്പൺ,*** *പ്രൊഫസർ (സാഹിത്യം)* – ***ഈഴവ,*** *അസോസിയേറ്റ് പ്രൊഫസർ (മാധ്യമപഠനം)* – ***എസ്.സി*** എന്നീ തസ്തികകളിലേക്കായിരുന്നു അപേക്ഷ ക്ഷണിച്ചത. ഈ പ്രാവശ്യം *പ്രൊഫസർ (സാഹിത്യം)* – ***ഈഴവ*** തസ്തികയിൽ മാത്രം നിയമനം നടന്നു. മറ്റുള്ളവയിൽ യോഗ്യരായ അപേക്ഷകർ ഉണ്ടായിരുന്നില്ല.

**പട്ടിക–3**

| **സംവരണ ക്രമ നം.** | **വകുപ്പ്** | **നിയമനം നേടിയ ആൾ** | **സംവരണവിവരം** | **റിമാർക്ക്സ്** |
|---|---|---|---|---|
| **I.** | **പ്രൊഫസർ** | | | |
| 1 | സാഹിത്യം | അനിതകുമാരി | ഇ.ടി.ബി | – |
| **II** | **അസോസിയേറ്റ് പ്രൊഫസർ** | | | |
| 1 | ഭാഷാശാസ്ത്രം | അപേക്ഷകരില്ല | ഓപ്പൺ | – |
| 4 | മാധ്യമപഠനം | അപേക്ഷകരില്ല | എസ്. സി | |

## നാലാം വിജ്ഞാപനവും നിയമനവും (2016)

2015 ൽ പുതുതായി ചില ഫാക്കൽറ്റികളും അവയുക്കീഴിൽ പുതിയ ചില പി.ജി കോഴ്സുകളും ആരംഭിച്ചിരുന്നു. ഇവയിലേക്കായി സർക്കാർ 2016 ൽ 10 (**പത്ത്**) പുതിയ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയും അന്ന് നിലവിലുണ്ടായിരുന്ന എല്ലാ ഫാക്കൽറ്റികളിലേക്കുമായി 6 (**ആറ്**) അസോസിയേറ്റ് പ്രൊഫസർ തസ്തികകളും മാധ്യമഫാക്കൽറ്റിയിലും പുതുതായി രൂപീകരിച്ച സാമൂഹ്യശാസ്ത്ര ഫാക്കൽറ്റിയിലും ഒരോ പ്രൊഫസർ തസ്തികയും (**ആകെ രണ്ട്**) അനുവദിച്ചു. ഈ 17 ഒഴിവുകൾക്കു പുറമെ കഴിഞ്ഞ മൂന്ന് വിജ്ഞാപനത്തിനു ശേഷവും ഒഴിഞ്ഞു കടന്ന *അസോസിയേറ്റ് പ്രൊഫസർ (ഭാഷാശാസ്ത്രം)* – ***ഓപ്പൺ,*** *അസോസിയേറ്റ് പ്രൊഫസർ (മാധ്യമപഠനം)* – ***എസ്.സി*** എന്നീ തസ്തികകളിലേയ്ക്കും സംസ്കാരപൈതൃകത്തിൽ അസോസിയേറ്റ് പ്രൊഫസറായിരുന്ന ഡോ. കെ. എം. ഭരതൻ പ്രൊഫസറായി നിയമനം നേടിയപ്പോൾ വന്ന *അസോസിയേറ്റ് പ്രൊഫസർ (സംസ്കാരപൈതൃകം)* ഒഴിവിലേക്കുമായിരുന്നു 2016 ൽ അപേക്ഷ ക്ഷണിച്ചത്. നേരത്തേ നിശ്ചയിച്ച സംവരണത്തിൽ യാതൊരു മാറ്റവും വരുത്തിയില്ല. പുതിയ തസ്തികകൾ

അനുവദിക്കുന്നതിനു മുമ്പ് ഒഴിവുവന്ന അസോസിയേറ്റ് പ്രൊഫസർ (സംസ്കാരപൈതൃകം) തസ്തിക ആ കേഡറിൽ അഞ്ചാമത്തേതായതിനാൽ സംവരണചക്രപ്രകാരം ഓപ്പൺ തസ്തികയായി കണക്കാക്കി. പുതുതായനുവദിച്ച തസ്തികകളിൽ അനുവദിച്ച ഉത്തരവിലെ ക്രമവും സർവകലാശാല നിശ്ചയിച്ച ഫാക്കൽറ്റി ക്രമവും പാലിച്ച് സംവരണചക്രപ്രകാരം സംവരണവിഭാഗം നിശ്ചയിച്ചു. മുൻവർഷങ്ങളിലെപ്പോലെ ആയത് സ്പഷ്ടമാക്കിക്കൊണ്ടു തന്നെയാണ് വിജ്ഞാപനം ഇറക്കിയതും. (appendix 3)

**പട്ടിക-4**

| **സംവരണ ക്രമ നം.** | **വകുപ്പ്** | **നിയമനം നേടിയ ആൾ** | **സംവരണവിവരം** | **റിമാർക്ക്സ്** |
|---|---|---|---|---|
| **I.** | **പ്രൊഫസർ** | | | |
| 4 | മാധ്യമപഠനം | ആരെയും നിയമിച്ചില്ല | എസ്. സി | – |
| 5 | സോഷ്യൽസയൻസ് | ആരെയും നിയമിച്ചില്ല | ഓപ്പൺ | – |
| **II അസോസിയേറ്റ് പ്രൊഫസർ** | | | | |
| 1 | ഭാഷാശാസ്ത്രം | സെയ്തലവി | ഓപ്പൺ | ഇതേ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിന്ന് വിടുതൽ നൽകി 2017 മെയിൽ ചേർന്നു. അവിടെ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുണ്ടായി |
| 4 | മാധ്യമപഠനം | അപേക്ഷകരില്ല | എസ്. സി | |
| 5 | സംസ്കാരപൈതൃകം | സുനീത ടി വി | ഓപ്പൺ | കെ. എം. ഭരതൻ പ്രൊഫസറായപ്പോ |

| | | | | |
|---|---|---|---|---|
| | | | | ൾ ഉണ്ടായ ഒഴിവ് |
| 6 | ഭാഷാശാസ്ത്രം | ആരെയും നിയമിച്ചില്ല | മുസ്ലീം | – |
| 7 | സാഹിത്യം | രാധാകൃഷ്ണൻ | ഓപ്പൺ | ഇതേ വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിന്ന് വിട്ടുതൽ നൽകി 2017 ഏപ്രിലിൽ ചേർന്നു. അവിടെ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുണ്ടായി |
| 8 | ചരിത്രം | അപേക്ഷകരില്ല | എൽ.സി | – |
| 9 | ചലചിത്രപഠനം | ആരെയും നിയമിച്ചില്ല | ഓപ്പൺ | – |
| 10. | പരിസ്ഥിതി പഠനം | ആരെയും നിയമിച്ചില്ല | ഒ.ബി.സി | – |
| 11 | സോഷ്യോളജി | ആരെയും നിയമിച്ചില്ല | ഓപ്പൺ | – |
| II. | അസിസ്റ്റന്റ് പ്രൊഫസർ | | | |
| 17 | പരിസ്ഥിതി പഠനം | ജയ്സി വർഗീസ് | ഓപ്പൺ | – |
| 18 | പരിസ്ഥിതി പഠനം | ധന്യ | ഇ.ടി.ബി | – |
| 19 | തദ്ദേശവികസനം | ശ്രീജ | ഓപ്പൺ | – |
| 20 | തദ്ദേശവികസനം | ശ്രീരാജ് | വിശ്വകർമ | – |
| 21 | ചരിത്രം | മഞ്ജുഷാവർമ | ഓപ്പൺ | – |
| 22 | ചരിത്രം | ശ്രീജ എൽ ജി | എൽ.സി | – |
| 23 | സോഷ്യോളജി | ഹക്കീം | ഓപ്പൺ | – |
| 24 | സോഷ്യോളജി | സ്വപ്ന റാണി | എസ്.സി | – |
| 25 | ചലചിത്രം | വിദ്യ | ഓപ്പൺ | – |

| | | | | |
|---|---|---|---|---|
| 26 | ചലചിത്രം | സുധീർ സലാം | മുസ്ലീം | – |

**അഞ്ചാം വിജ്ഞാപനവും നിയമനവും (2021)**

2016 ലെ വിജ്ഞാപനത്തിന് ശേഷം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മൂന്ന് ഒഴിവാണ് ഉണ്ടായത്.

1. മാധ്യമപഠനത്തിലെ ലാൽമോഹൻ കേരള സർവകലാശാലയിലേക്ക് പോയ ഒഴിവ് (**സംവരണ ക്രമ നമ്പർ 27 ഓപ്പൺ**)
2. സാഹിത്യപഠനത്തിലെ രാധാകൃഷ്ണൻ 2017 ഏപ്രിലിൽ അസോസിയേറ്റ് പ്രൊഫറായപ്പോൾ ഉണ്ടായ ഒഴിവ് (**സംവരണ ക്രമ നമ്പർ 28 ഇ.ടി.ബി**)
3. ഭാഷാശാസ്ത്രത്തിലെ സെയ്തലവി 2017 മെയിൽ അസോസിയേറ്റ് പ്രൊഫറായപ്പോൾ ഉണ്ടായ ഒഴിവ് (**സംവരണ ക്രമ നമ്പർ 29 ഓപ്പൺ**)

മേൽപ്പറഞ്ഞ തസ്തികളിൽ ഒന്നാമത്തെതും മൂന്നാമത്തെതും വിസിയു **117/2015/വി.സി തിയതി 22-12-2020** (appendix 4) എന്ന ഉത്തരവിലൂടെ യഥാക്രമം ചലചിത്രപഠനത്തിലേക്കും പരിസ്ഥിതിപഠനത്തിലേക്കും മാറ്റി. അടിയന്തര സാഹചര്യത്തിൽ മാറ്റുന്നു എന്നല്ലാതെ സാഹചര്യമെന്തെന്ന് ആ ഉത്തരവിൽ വ്യക്തമായിരുന്നില്ല. തന്റെ സവിശേഷ അധികാരമുപയോഗിച്ച് മാറ്റുന്നുവെന്ന് സൂചിപ്പിച്ചിട്ടുമുണ്ട്. ഇതനുസരിച്ച് പുനക്രമീകരിച്ച താഴെ പറയുന്ന അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാണ് 2021ൽ വിജ്ഞാപനം നിയമനം നടത്തിയത്. (appendix 5)

**I. അസിസ്റ്റന്റ് പ്രൊഫസർ നിയമനം** (appendix 6)

1. **ചലചിത്രപഠനം** (മാധ്യമപഠനത്തിൽ നിന്ന് മാറ്റിയത്, **സംവരണ ക്രമ നമ്പർ 27 ഓപ്പൺ**).

   ഈ തസ്തികയിൽ ഇപ്പോൾ നിയമനം നൽകിയത് മുന്നാക്കത്തിലെ പിന്നാക്കത്തിൽ പെടുത്തിയ ആൾക്കാണ്. ഇയാളുടെ പി.ജി താരതമ്യസാഹിത്യത്തിലാണെന്ന ആരോപണമുണ്ട്.

   **ചോദ്യങ്ങൾ**

   **എ.** 27 എങ്ങനെയാണ് EWS ആകുക

**ബി.** ഈ നിയമനം നടന്ന ശേഷമാണ് EWS പട്ടിക സർക്കാർ പ്രസിദ്ധീകരിച്ചത്. അപ്പോൾ ഈ നിയമനം എങ്ങനെ സാധുവാകും

**സി.** തസ്തികയും ക്രമവും നിശ്ചിതമായിരിക്കെ എന്തുകൊണ്ട് യഥാർത്ഥ സംവരണക്രമം മറച്ചുവെച്ചു.

**ഡി.** ഒഴിവ് വന്ന മുറ സംവരണമുറയായി എന്തുകൊണ്ട് പരിഗണിച്ചില്ല.

2. **സാഹിത്യപഠനം** (രാധാകൃഷ്ണൻ പോയ ഒഴിവ്, (**സംവരണ ക്രമ നമ്പർ 28 ഇ.ടി.ബി**)

ഈ തസ്തികയിൽ ഇപ്പോൾ നിയമനം നൽകിയത് ഓപ്പൺ കാറ്റഗറിയിൽ ഉൾപ്പെട്ടയാൾക്കാണ്. ഇയാളുടെ വിസിയുടെ കീഴിലുണ്ടായിരുന്ന ഗവേഷകവിദ്യാർഥിയാണെന്ന ആരോപണമുണ്ട്. കേരളീയകലയിലെ പരിചയം മുൻഗണനായോഗ്യതയാക്കി നിശ്ചയിച്ചത് ഇയാൾക്ക് വേണ്ടിയാണെന്നും നേരത്തേ തന്നെ ആരോപണമുണ്ട്.

**ചോദ്യങ്ങൾ**

**എ.** 28 എങ്ങനെയാണ് EWS ആകുക. എന്തുകൊണ്ട് ഈഴവയെ പരിഗണിച്ചില്ല.

**ബി.** തസ്തികയും ക്രമവും നിശ്ചിതമായിരിക്കെ എന്തുകൊണ്ട് യഥാർത്ഥ സംവരണക്രമം മറച്ചുവെച്ചു.

**സി.** ഒഴിവ് വന്ന മുറ സംവരണമുറയായി എന്തുകൊണ്ട് പരിഗണിച്ചില്ല.

**ഡി.** എന്തിനാണ് കലാഭ്യസനവും കലാപഠനവുമില്ലാത്ത സാഹിത്യ ഫാക്കൽറ്റിയിൽ കേരളീയകലയെന്ന മുൻഗണനായോഗ്യത നിശ്ചയിച്ചത്.

3. **പരിസ്ഥിതിപഠനം.** (ഭാഷാശാസ്ത്രത്തിൽ സെയ്തലവി പോയ ഒഴിവ് മാറ്റിയത്, **സംവരണ ക്രമ നമ്പർ 29 ഓപ്പൺ**)

ഒന്നാം റാങ്കുകാരിയായി പൊതുവിഭാഗത്തിൽ പെടുന്ന റോഷ്നി നിലനിൽക്കെ രണ്ടാം റാങ്കുകാരനായ ഈഴവ വിഭാഗത്തിൽപ്പെടുന്ന അരുൺബാബുവിനാണ് നിയമനം നൽകിയത്.

**ചോദ്യങ്ങൾ**

**എ.** എന്തുകൊണ്ട് ഒന്നാം റാങ്കുകാരിയെ പരിഗണിച്ചില്ല.

**ബി.** തസ്തികയും ക്രമവും നിശ്ചിതമായിരിക്കെ എന്തുകൊണ്ട് യഥാർത്ഥ സംവരണക്രമം മറച്ചുവെച്ചു.

**സി.** ഒഴിവ് വന്ന മുറ സംവരണമുറയായി എന്തുകൊണ്ട് പരിഗണിച്ചില്ല.

## II. അസോസിയേറ്റ് പ്രൊഫസർ നിയമനം (appendix 7)

**പട്ടിക 4** ലെ ഒഴിവുകൾ പരിശോധിക്കുക. അത് പ്രകാരമുള്ള ഒഴിവുകൾ

1. സാഹിത്യം (**സംവരണ ക്രമ നമ്പർ 2 ഈഴവ, കോടതിയിൽ തർക്കത്തിൽ)**

സാഹിത്യരചനയിൽ എസ്.സി വിഭാഗത്തിൽപ്പെടുന്ന ബാബുരാജിനാണ് നിയമനം നൽകിയത്. ക്രമപ്രകാരം എസ്.സി മാധ്യമപഠനത്തിലാണ്. ഇത് മുമ്പ് മൂന്ന് തവണ എസ്.സി എന്ന് പറഞ്ഞ് തന്നെ വിജ്ഞാപനം ചെയ്തതുമാണ്. മാധ്യമപഠനത്തിലെ തസ്തിക ഓപ്പൺ വിഭാഗത്തിലേക്ക് മാറ്റി അവിടെയുള്ള യൂനിയൻ നേതാവായ ഒരു അധ്യാപകനെ അടുത്ത വർഷം നിയമിക്കാൻ നീക്കമുണ്ടെന്ന് പലരും സംശയിക്കുന്നു.

2. മാധ്യമപഠനം (**സംവരണ ക്രമ നമ്പർ 4 എസ്.സി)**
   ആരെയും റാങ്ക് ചെയ്തിട്ടില്ല
3. ഭാഷാശാസ്ത്രം (**സംവരണ ക്രമ നമ്പർ 6 മുസ്ലീം,** പുനർവിജ്ഞാപനം ചെയ്തില്ല. ഈ തസ്തിക മറ്റെങ്ങോട്ടും മാറ്റിയതായി സ്പഷ്ടീകരിച്ചിട്ടില്ല. വിസിയുടെ **117/2015/വി.സി തിയതി 22-12-2020** എന്ന ഉത്തരവിൽ തദ്ദേശവികസനപഠനത്തിൽ ഒരു അസോസിയേറ്റ് പ്രൊഫസർ തസ്തിക പുതുതായി ഉൾപ്പെടുത്തിയതായി കാണുന്നു. അത് ഭാഷാശാസ്ത്രത്തിൽ നിന്ന് മാറ്റിയതാണോ എന്ന് വ്യക്തമല്ല. മാറ്റിയെന്ന് ഊഹിക്കാനേ നിർവാഹമുള്ളൂ )
   ഭാഷാശാസ്ത്രത്തിൽ നിന്ന് മാറ്റിയ പോസ്റ്റാണെങ്കിൽ ഇത് മുസ്ലീം ആവേണ്ടതാണ്. പക്ഷെ, ഇവിടെ മുന്നാക്കക്കാരിയായ ഓപ്പൺ വിഭാഗത്തിനാണ് നിയമനം നൽകിയിരിക്കുന്നത്. (appendix 8)
4. **ചരിത്രം (സംവരണ ക്രമ നമ്പർ 8 എൽ.സി)**
   റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.
5. **ചലചിത്രപഠനം (സംവരണ ക്രമ നമ്പർ 9 ഓപ്പൺ)**
   ആരെയും റാങ്ക് ചെയ്തിട്ടില്ല
6. **പരിസ്ഥിതിപഠനം (സംവരണ ക്രമ നമ്പർ 10 ഒ.ബി.സി)**
   ആരെയും റാങ്ക് ചെയ്തിട്ടില്ല
7. **സോഷ്യോളജി (സംവരണ ക്രമ നമ്പർ 11 ഓപ്പൺ)**
   ഓപ്പൺ കാറ്റഗറിയിൽ തന്നെയാണ് നിയമനം നൽകിയത്.

III. **പ്രൊഫസർ നിയമനം** (appendix 9)

**പട്ടിക 4** ലെ ഒഴിവുകൾ പരിശോധിക്കുക. അത് പ്രകാരമുള്ള ഒഴിവുകൾ

1. **മാധ്യമപഠനം (സംവരണ ക്രമ നമ്പർ 4 എസ്.സി)**

ആരെയും നിയമിച്ചില്ല.

2. **സോഷ്യൽ സയൻസ് (സംവരണ ക്രമ നമ്പർ 5 ഓപ്പൺ )** (appendix 10)

ഈ തസ്തിക എഴുത്തച്ഛൻ പഠനസ്കൂളിന് മാറ്റി നൽകി ഡോ. കെ. എം. അനിലിനെ നിയമിച്ചു. ഇതിനായി **117/2015/വി.സി തിയതി 22-12-2020** എന്ന ഉത്തരവിലൂടെ എഴുത്തച്ഛൻപഠനകേന്ദ്രത്തെ സ്കൂളാക്കിമാറ്റി. സോഷ്യൽസയൻസ് ഫാക്കൽറ്റിക്ക് കീഴിൽ മൂന്ന് പി.ജി, എംഫിൽ, പിഎച്ച്ഡി തകോഴ്സുകൾ നടക്കുന്നുണ്ട്. എന്നാൽ എഴുത്തച്ഛൻ പഠനസ്കൂളിൽ നിലവിൽ ഒരു പി.ജി കോഴ്സ് പോലുമില്ല. കാര്യമായ ഗവേഷണം അവിടെ നടക്കുന്നുമില്ല. സ്വജനപക്ഷപാതം മാത്രമാണ് ഈ നിയമനത്തിന് പിന്നിൽ. സർവകലാശാലയിൽ അറബിമലയാളപഠനകേന്ദ്രവും ഭാഷാസാങ്കേതികകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. അവയിലൊന്നും തസ്തിക അനുവദിക്കാതെയാണ് എഴുത്തച്ഛൻ പഠനകേന്ദ്രം സ്കൂളാക്കി മാറ്റി തസ്തിക അനുവദിച്ചത്.

**ചില നിരീക്ഷണങ്ങൾ**

- **മലയാളസർവകലാശാലയിലെ സംവരണത്തിന് 2016 വരെ തുടർന്നു പോന്ന രീതി മാറ്റുവാൻ സർക്കാറോ കോടതിയോ ഉത്തരവിട്ടില്ല.**
- **2016 വരെ തുടർന്നു പോന്ന രീതി തർക്കവിഷയമായിട്ടില്ല. സാമൂഹികനീതിയുടെ ലംഘനമായി അതാരും ചൂണ്ടിക്കാട്ടിയിട്ടുമില്ല.**
- **നിലവിലുണ്ടായിരുന്ന രീതി മാറ്റി നിയമനസമയം വരെ സംവരണവിവരം മറച്ചുവെയ്ക്കാൻ അടിസ്ഥാനമാക്കാവുന്ന ഒരു ഉത്തരവും നാളിതുവരെ സർവകലാശാലയിൽ ഇറങ്ങിയിട്ടില്ല.**
- **വകുപ്പുതലത്തിലാണ് സംവരണം നിശ്ചയിച്ചതെന്നും പറയാനാകില്ല. വകുപ്പുതലത്തിൽ ക്രമീകരിച്ചുനോക്കുമ്പോൾ നിലവിലുള്ള നിയമനങ്ങൾ റൊട്ടേഷൻ ക്രമവുമായി പൊരുത്തപ്പെടുന്നില്ല.**
- **തസ്തികയുണ്ടായ തിയതിയല്ല സംവരണക്രമത്തിന് പാലിച്ചത്**

ചുരുക്കത്തിൽ, ഒരു **വൈസ് ചാൻസലർ വിചാരിച്ചാൽ** ഒരു സർക്കാർ സ്ഥാപനത്തിലെ ഭരണഘടനാദത്തപരമായ സംവരണാവകശങ്ങൾ മാറ്റി മറിക്കുകയും അട്ടിമറിക്കുകയും ചെയ്യാം. ഒരുത്തരവും ഇല്ലാതെ അധ്യാപക തസ്തികകളുടെ യോഗ്യതകൾ നിശ്ചയിക്കാം.

മുൻ വർഷങ്ങളിലൊക്കെ **ചലച്ചിത്ര പഠനത്തിന്** യോഗ്യത എന്തെന്ന് വിജ്ഞാപനത്തിൽ പറഞ്ഞതാണ്. എന്നാൽ ചലച്ചിത്ര പഠനത്തിന് താരതമ്യ സാഹിത്യ പഠനം തത്തുല്യ യോഗ്യത ആണെന്ന് ഇത്തവണ വിജ്ഞാപനത്തിൽ പോലും പറഞ്ഞിട്ടില്ല. ഇതറിഞ്ഞിരുന്നുവെങ്കിൽ ഒരു പാട് പേർ അപേക്ഷിക്കാൻ ഉണ്ടാകുമായിരുന്നു. ഇതിലൂടെ, വിജ്ഞാപിത യോഗ്യത കൃത്യവും സ്പഷ്ടവുമായിരിക്കണമെന്ന് ഒട്ടേറെ സുപ്രീം കോടതി വിധികളെയാണ് ഡോ. അനിൽ മറികടന്നിരിക്കുന്നത്. അതിനാൽ തന്നെ ആ നിയമനം റദ്ദാവുമെന്ന് ഉറപ്പ്.

**അതോടൊപ്പം, സർവ്വകലാശാലയെ ഒരൊറ്റ യൂനിറ്റായി കണക്കാക്കി പൂൾ ചെയ്യുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് സുപ്രീം കോടതിയും ഹൈക്കോടതിയും വിധിച്ചിരിക്കുകയാണ് (WP(C) 4592 of 2018 (Y) 31.03.2021). കോടതിയെ സമീപിച്ചാൽ കേരള സർവ്വകലാശാലാ വിധി ഒരർത്ഥത്തിൽ മലയാളം സർവ്വകലാശാലക്കും ബാധകമാക്കി നിയമനങ്ങൾ അസാധുവാക്കാൻ വലിയ നിയമ വാദങ്ങളൊന്നും വേണ്ടതില്ല. ഇതോടൊപ്പം, സുപ്രീം കോടതി തള്ളിക്കളഞ്ഞ സാമ്പത്തിക സംവരണം നടപ്പാക്കുക വഴി അമ്പത് ശതമാനം സംവരണം എന്ന പൊതുമാനദണ്ഡവും മറികടന്നിരിക്കുകയാണ്.**

തെറ്റായ ഇത്തരം നിയമനങ്ങൾ നടത്തിയാൽ അത് വഴി നൽകുന്ന ശമ്പളം നിയമനാധികാരികളിൽ നിന്ന് വസൂലാക്കണമെന്നും ഹൈക്കോടതി വിധി വന്നിരിക്കയാണ്.

ഈ സാഹചര്യത്തിൽ മലയാളം സർവ്വകലാശാലയിലെ നിയമനങ്ങൾ റദ്ദാക്കണമെന്ന് താൽപര്യപ്പെടുന്നു. അല്ലാത്ത പക്ഷം, നിയമ നടപടികളിലേക്ക് നീങ്ങേണ്ടിവരും എന്നും അറിയിക്കുന്നു.

President (sd)
**Higher Education Forum, Kerala**
www.khef.in

അനുബന്ധ രേഖകൾ വെബ് സൈറ്റിൽ ലഭ്യമാണ്.